# പാരീസിൽ നിന്നും ചെന്നൈയിലേക്കുള്ള ദൂരം

കാലാവസ്ഥാ വ്യതിയാനത്തെ തടഞ്ഞുനിർത്തുന്നതിനുള്ള പുതിയ ഉടമ്പടി പാരീസിൽ രൂപപ്പെട്ടിരിക്കുന്നു. 1997ലെ ക്യോട്ടോ ഉടമ്പടിക്ക് പകരം ഇനി മുതൽ പാരീസ് ഉടമ്പടിയാണ് കാലാവസ്ഥാ മാറ്റത്തെ ചെറുക്കുന്നതിൽ മുഖ്യപങ്കുവഹിക്കാൻ പോകുന്നത്. യു.എസ് പിന്മാറുകയും വികസിത രാജ്യങ്ങൾ നടപ്പിലാക്കുന്നതിൽ പരാജയപ്പെടുകയും ചെയ്ത ക്യോട്ടോ ഉടമ്പടി, കാലാവസ്ഥ വ്യതിയാനത്തിന് കാരണമായ ആഗോള താപനത്തെ തടയുന്നതിൽ അമ്പേ പരജായപ്പെട്ട ഒരു ചരിത്രം കൂടി പരിഗണിച്ചുകൊണ്ടു മാത്രമേ പാരീസ് ഉടമ്പടിയെക്കുറിച്ചുള്ള ചർച്ചകൾ നടത്താൻ കഴിയൂ. അനിയന്ത്രിതമായ കാർബൺ ബഹിർഗമനം മൂലം അന്തരീക്ഷ താപനില 2.7 സെൽഷ്യസിലേറെ ഉയർന്നിട്ടുണ്ടെന്ന ശാസ്ത്രീയ റിപ്പോർട്ടുകൾ ലോകത്തിന്റെ പല കോണുകളിലുമുള്ള ജനസമൂഹങ്ങൾക്കുമേൽ ദുരന്ത യാഥാർത്ഥ്യങ്ങളായി പതിക്കാൻ തുടങ്ങിയ കാലത്താണ് പാരീസ് ഉടമ്പടി ഉണ്ടായിരിക്കുന്നത് എന്നത് അതിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നുണ്ട്. അടിയന്തര പ്രശ്നമായി ലോകരാഷ്ട്രങ്ങൾ ആഗോള താപനത്തെ അഭിമുഖീകരിക്കുന്നുണ്ടെന്നതാണ് പാരീസ് ഉച്ചകോടിയിലെ 196 രാജ്യങ്ങളുടെ പ്രാതിനിധ്യവും ഇടപെടലുകളും സൂചിപ്പിക്കുന്നത്. എന്നാൽ പ്രശ്നത്തിന്റെ ഗൗരവത്തിന് യോജിച്ച തരത്തിലുള്ള ഒരു കരാറല്ല ഒടുവിൽ രൂപപ്പെട്ടത് എന്ന വിമർശനമാണ് പരിസ്ഥിതി സംഘടനകൾ ഇപ്പോൾ ഉന്നയിക്കുന്നത്. ആഗോള താപനത്തിന്റെ തോത് രണ്ട് ഡിഗ്രിയിലും താഴെയാക്കാനുള്ള തീരുമാനമെടുത്തുകൊണ്ടാണ് എല്ലാവരും പാരീസിൽ നിന്നും പിരിഞ്ഞത്. എന്നാൽ ഏറ്റെടുത്ത ലക്ഷ്യങ്ങൾ നേടണം എന്നതിൽ പ്രത്യേക നിർബന്ധങ്ങളൊന്നും പാരീസ് ഉടമ്പടിയും നിഷ്കർഷിക്കുന്നില്ല എന്നതാണ് പ്രധാന വിമർശനം. ക്യോട്ടോ ഉടമ്പടിയുടെ കാര്യത്തിൽ സംഭവിച്ചതുപോലെ നിയമപരമായ ബാധ്യതയില്ലാത്ത ഒന്നായി പാരീസ് തീരുമാനങ്ങളും മാറുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. പ്രത്യേകിച്ച് തങ്ങളുടെ വികസന സങ്കൽപ്പങ്ങളെ മാറ്റാൻ തയ്യാറാകാത്ത വികസിത-വികസ്വര രാഷ്ട്രങ്ങൾ ഉച്ചകോടിയുടെ തീരുമാനങ്ങളിൽ ഉറച്ചുനിൽക്കും എന്നതിന് ഉപോത്ബലമായ അനുഭവങ്ങളൊന്നും ഇപ്പോൾ ലോകത്ത് ലഭ്യമല്ല. കാർബൺ ബഹിർഗമന വ്യവസായങ്ങളെ നിയന്ത്രിക്കുമെന്നും ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം ക്രമേണ കുറയ്ക്കുമെന്നും അവകാശപ്പെടുന്ന രാജ്യങ്ങൾ അതേസമയം തന്നെ സൈനീകശേഷിയും ആയുധശേഖരങ്ങളും വർദ്ധിപ്പിക്കുന്നതിന് വലിയതോതിൽ നിക്ഷേപം നടത്തിക്കൊണ്ടിരിക്കുകയാണ് എന്നതാണ് ക്രൂരമായ വിരോധാഭാസം. എപ്പോൾ വേണമെങ്കിലും പൊട്ടിപ്പുറപ്പെടാവുന്ന ഒരു ആഗോള യുദ്ധത്തിന് മുന്നിൽ ആഗോള താപനം കുറയ്ക്കാനുള്ള നടപടികൾ തോറ്റുമടങ്ങുകയേയുള്ളൂ. ആഗോള താപനത്തിന്റെ തോത് രണ്ട് ഡ്രിഗിക്ക് താഴെയെത്തിക്കണമെന്ന ലക്ഷ്യം കൈവരിക്കാൻ 2020 മുതൽ പ്രതിവർഷം 10,000 കോടി ഡോളർ വികസിത രാജ്യങ്ങൾ വികസ്വര രാജ്യങ്ങൾക്ക് സഹായമായി നൽകും എന്ന് പാരീസ് കരാർ പറയുന്നു. പണം ചെലവഴിക്കണമെന്ന് പറയുന്നുണ്ടെങ്കിലും അതിനുള്ള നിയമപരമായ ബാധ്യതയെക്കുറിച്ച് കരാർ മൗനം പാലിക്കുകയാണ്.

നൂറ്റാണ്ടുകളുടെ ചൂഷണത്തിലൂടെ രൂപപ്പെട്ട ധൂർത്തടിക്കൽ ശീലങ്ങളിൽ ഉറച്ചുപോയിരിക്കുന്ന കൊളോണിയൽ രാജ്യങ്ങളുടെ നയപരമായ തീരുമാനങ്ങൾ, അവരുടെ അധികാരമോഹത്തേയും അമിതവ്യയത്തേയും പിന്തുണയ്ക്കുന്നതായിരിക്കുമെന്നാണ് 1992ൽ റിയോ ഡി ജനീറോയിൽ നടന്ന ആദ്യ ഭൗമ ഉച്ചകോടി മുതൽ തുടരുന്ന കരാർ ലംഘനങ്ങൾ സൂചിപ്പിക്കുന്നത്. പാരീസ് ഉച്ചകോടിക്കെതിരെ യു.എസിലെ പ്രതിപക്ഷ കക്ഷിയായ റിപ്പബ്ലിക്കൻ പാർട്ടിയുടെ സെനറ്റർമാർ ഇപ്പോൾത്തന്നെ രംഗത്തെത്തിയിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിൽ വികസിത രാഷ്ട്രങ്ങൾക്ക് 'ചരിത്രപരമായ ഉത്തരവാദിത്തം' ഉണ്ട് എന്ന വാചകം പാരീസ് ഉടമ്പടിയുടെ അന്തിമ കരാറിൽ നിന്നും മാറ്റുന്നതിന് വേണ്ടി ശക്തമായ പ്രതിഷേധമാണ് വികസിതരാജ്യ പ്രതിനിധികൾ രേഖപ്പെടുത്തിയത്. പാരീസ് ഉച്ചകോടിയുടെ നിരീക്ഷകരായി നിരവധി കോർപ്പറേറ്റുകൾ പങ്കെടുക്കാനുണ്ടായിരുന്നു എന്നതും ശുഭകരമായ സൂചനയല്ല.

ചരിത്രപരമായ ബാധ്യതകളെ മയപ്പെടുത്തുന്ന തരത്തിലുള്ള പാരീസ് ഉച്ചകോടിയുടെ നിലപാടിനെ ഇന്ത്യ ശക്തമായി വിമർശിക്കുകയുണ്ടായി. പക്ഷെ എന്താണ് നമ്മുടെ സ്ഥിതി? കാർബൺ ബഹിർഗമനത്തിന്റെ കാര്യത്തിൽ ഏറെ മുന്നിൽ നിൽക്കുന്ന രാജ്യമാണ് ഇന്ത്യ. കാലാവസ്ഥാ വ്യതിയാനത്തെ തടയാൻ വികസ്വര രാജ്യങ്ങൾക്ക് ഇളവും സഹായവും വേണമെന്ന ഇന്ത്യയുടെ ആവശ്യം പാരീസിൽ അംഗീകരിക്കപ്പെട്ടെങ്കിലും ഹരിതഗൃഹവാതകങ്ങളുടെ പുറംതള്ളൽ ഉടനൊന്നും കുറയുന്ന തരത്തിലുള്ള പരിപാടികളല്ല ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. 2020 ഓടെ കൽക്കരിപ്പാടങ്ങളുടെ എണ്ണം നിലവിലുള്ളതിനും ഇരട്ടിയാക്കുമെന്ന കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ പ്രസ്താവന വരുന്നത് ഇതേ സമയത്തുതന്നെയാണ്. അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്കുള്ള പാരിസ്ഥിതികാനുമതി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുനഃസ്ഥാപിച്ചതും ഇതേ സമയത്ത്. 70 ലക്ഷം ടൺ പാറപൊട്ടിച്ചുകൊണ്ടുള്ള വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണം തുടങ്ങിയതും ഇതേ സമയം. ആഗോള കാർ കമ്പനികൾക്കുവേണ്ടി റോഡിന്റെ വീതികൂട്ടുന്നതിനുള്ള വായ്പ കേരള സർക്കാർ ലോക ബാങ്കിൽ നിന്നും വാങ്ങുന്നതും ഈ നാളുകളിലാണ്. കസ്തൂരിരംഗൻ റിപ്പോർട്ടിൽ തീരുമാനമെടുക്കാതെ നീട്ടിവയ്ക്കൽ, വലിയ തോതിൽ കാടുനശിപ്പിക്കുന്ന നിലമ്പൂർ-നഞ്ചൻകോട് റെയിൽവേ നിർമ്മാണത്തിന്റെ ധാരണാ പത്രത്തിൽ ഒപ്പുവയ്ക്കൽ എന്നിങ്ങനെ വികസനപ്പട്ടിക സമാന്തരമായി നീളുകയാണ്. ഈ പരസ്പര വിരുദ്ധതയാണ് ഉച്ചകോടികളെ അസാധുവാക്കുന്നത്. കോർപ്പറേറ്റ്‌രാജിലേക്ക് പൂർണ്ണമായും വഴിമാറിക്കൊണ്ടിരിക്കുന്ന ഇന്ത്യയടക്കമുള്ള ലോക രാജ്യങ്ങളിൽ ജനാധിപത്യത്തിന്റെ ഇടം വികസിപ്പിക്കുന്നതിനുള്ള സമരങ്ങൾക്ക് മാത്രമായിരിക്കും ഭൂമിയുടെ ഭാവിക്കുവേണ്ടി ഇനി എന്തെങ്കിലും ചെയ്യാൻ കഴിയുന്നത്. തെരുവുകൾ ശുഭസൂചനകൾ തരുന്നുമുണ്ട്.

ചെന്നൈ ദുരന്തം പോലെയുള്ള ശക്തമായ ചില ഓർമ്മപ്പെടുത്തലുകളാണ് ഭരണകൂടത്തിനും സിവിൽ സമൂഹത്തിനും പുനർചിന്തയ്ക്കുള്ള അവസരങ്ങൾ ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്നത്. ഇന്ത്യയിലെ ഏതു നഗരത്തിലും ചെന്നൈ ആവർത്തിക്കാം എന്ന സ്ഥിതിയിലാണ് കാര്യങ്ങൾ പോകുന്നത്. ചെന്നൈ സൃഷ്ടിച്ച ചിന്തകൾ പ്രവൃത്തിയിലേക്ക് വഴിമാറിത്തുടങ്ങുമോ? അറിയില്ല. എതായാലും കേരളത്തിലെ 11 ജില്ലകളിലെ വിവിധ ചെറുപട്ടണങ്ങളിലായി 35 വലിയ ഷോപ്പിംഗ് മാളുകൾ വരുന്നതായി അടുത്തിടെ പത്രവാർത്ത കണ്ടു. ചെന്നൈ പോലും നമുക്കത്ര അടുത്തല്ലാതെയായിപ്പോയല്ലോ. ■